بِسْمِ اللهِ الرَّحْمَنِ الرَّحِيمِ

# നിസ്കാരങ്ങളുമായി ബന്ധപ്പെട്ട ദിക്റുകളും ദുആകളും (അര്‍ത്ഥസഹിതം)

വുളുവിന്റെ ആദ്യത്തില്‍ വുളുവിന്റെ സുന്നത്ത് നിര്‍വ്വഹിക്കുന്നു എന്ന് കരുതി ഈ ദിക്റ് ചൊല്ലുക.

**اَعُوذُ بِاللهِ مِنَ الشَّيْطَانِ الرَّجِيمِ* بِسْمِ اللهِ الرَّحْمَنِ الرَّحِيمِ* اَشْهَدُ اَن لاَاِلَهَ اِلاَّاللهُ وَحْدَهُ لاشَرِيكَ لَهُ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ اَلْحَمْدُ لِلّهِ الَّذِي جَعَلَ الْمآءَ طَهُورًا.**

(അഊദു ബിസ്മി എന്നിവക്ക് ശേഷം) വെള്ളത്തെ ശുദ്ധീകരണ വസ്തുവാക്കിയ അല്ലാഹുവിനാകുന്നു സര്‍വ്വസ്തുതിയും.വുളുവില്‍ അവയവങ്ങള്‍ കഴുകുമ്പോള്‍ ഇത് ചൊല്ലിക്കൊണ്ടിരിക്കുക:

**اَشْهَدُ اَن لاَاِلَهَ اِلّاَاللهُ وَحْدَهُ لاشَرِيكَ لَهُ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.**

(അല്ലാഹു അല്ലാതെ ഒരു ആരാധ്യനില്ലെന്ന് ഞാന്‍ സാക്ഷ്യം വഹിക്കന്നു. അവന്‍ ഏകനും പങ്കുകാരില്ലാത്തവനുമാണ്. മുഹമ്മദ് നബി(സ) അല്ലാഹുവിന്റെ അടിമയും ദൂതനുമാണെന്ന് ഞാന്‍ സാക്ഷ്യപ്പെടുത്തുന്നു.) വുളുവിനുശേഷം. രണ്ട് കയ്യും കണ്ണും മേല്‍പോട്ടുയര്‍ത്തി ഈ ദുആ ചൊല്ലുക:

**اَشْهَدُ اَن لاَاِلَهَ اِلاَّللهُ وَحْدَهُ لاشَرِيكَ لَهُ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهُ رَسُولُهُ. اَللَّهُمَّ اجْعَلْنِي مِنَ التَّوَّابِينَ وَاجْعَلْنِي مِنَ الْمُتَطَهِّرِينَ وَاجْعَلْنِي مِنْ عِبَادِكَ الصَّالِحِينَ. سُبْحَانَكَ اللهُمَّ وَبِحَمْدِكَ اَشْهَدُ اَن لاَاِلَهَ اِلاَّ اَنْتَ اَسْتَغْفِرُكَ وَاَتُوبُ اِلَيْكَ***

(സത്യസാക്ഷ്യ വചനങ്ങള്‍ക്കുശേഷം) രക്ഷിതാവേ, പശ്ചാതപിക്കുന്നവരിലും ശുദ്ധി

യുള്ളവരിലും നിന്റെ സജ്ജനങ്ങളായ അടിമകളിലും എന്നെ നീ ഉൾപ്പെടുത്തേണമേ. അല്ലാഹുവേ, നിന്റെ പരിശുദ്ധതയെ ഞാൻ വാഴ്ത്തുന്നതിനോടൊപ്പം നിന്നെ സ്തുതിക്കുകയും ചെയ്യുന്നു. നീ ഒഴികെ ഒരു ഇലാഹുമില്ല. നിന്നോട് ഞാൻ പൊറുക്കലിനെ തേടുകയും ഖേദിച്ചു മടങ്ങുകയും ചെയ്യുന്നു.)

വിളൂവിന് ശേഷം മേൽ പറഞ്ഞ ദുആ വല്ലവനും ചൊല്ലിയാൽ അവനുവേണ്ടി സ്വർഗ ത്തിന്റെ എട്ട് കവാടങ്ങളും തുറക്കപ്പെടുമെന്നും അവനുദ്ദേശിക്കുന്ന വാതിലിലൂടെ അവന് സ്വർഗത്തിൽ പ്രവേശിക്കാമെന്നും നബി(സ)പറഞ്ഞിരിക്കുന്നു.

**ബാങ്ക്, ഇഖാമതിന് ശേഷം ചൊല്ലുക:**

**اَللَّهُمَّ رَبَّ هَذِهِ الدَّعْوَةِ التَّامَّةِ وَالصَّلاَةُ الْقَائِمَةِ آتِ سَيِّدِنَا مُحَمَّدَن الْوَسِيلَةَ والْفَضِيلَةَ وَالدَّرَجَةَ الرَّفِيعَةَ وَابْعَثْهُ مَقامًا مَحْمُودَن الَّذِي وَعَدتَّهُ وَارْزُقْنَا شَفَاعَتَهُ يَوْمَ الْقِيَامَةِ اِنَّكَ لا تُخْلِفُ الْمِيعَادَ***

ഈ പരിപൂർണമായ വിളിയുടെയും ആരംഭിക്കാൻ പോകുന്ന നിസ്കാരത്തിന്റെ യും ഉടമസ്ഥനായ അല്ലാഹുവേ, മുഹമ്മദ് നബി(സ)ക്ക് വസീലത്ത് ഫളീലത്ത് എന്നീ സ്ഥാനങ്ങളും അത്യുന്നത പദവിയും നീ നൽകുകയും നീ വാഗ്ദാനം ചെയ്ത സ്തുതിക്കപ്പെട്ട സ്ഥാനത്ത് നബി(സ)യെ നീ നിയോഗിക്കുകയും അവിടുത്തെ ശുപാർശ അന്ത്യദിനത്തിൽ ഞങ്ങൾക്ക് നീ നൽകുകയും ചെയ്യേണമേ. നിശ്ചയം നീ കരാർ ലംഘിക്കാത്തവനാണ്.)

**വജ്ജഹ്ത്തു :**

**وَجَّهْتُ وَجْهِيَ لِلَّذِي فَطَرَ السَّمَاوَاتِ وَالْاَرْضَ حَنِيفًا مُسْلِمًا  وَمَا اَنَ مِنَ الْمُشْرِكِينَ. اِنَّ صَلاتِي وَنُسُكِي وَمَحْيَايَ  وَمَمَاتِي  لِلَّهِ رَبِّ الْعَالِمِينَ. لآ شَرِيكَ لَهُ وَبِذَلِكَ أُمِرْتُ وَاَنَا مِنَ الْمُسْلِمِينَ***

**അർത്ഥം:** ആകാശ ഭൂമികളെ സൃഷ്ടിച്ച അല്ലാഹുവിലേക്ക് ഞാനെന്റെ ശരീരം തിരിച്ചു. ഞാൻ സത്യത്തിൽ ഉറച്ചവനും അനുസരണമുള്ളവനുമാണ്. ഞാൻ ബഹു ദൈവ വിശ്വാസികളിൽ ഉൾപ്പെട്ടവനല്ല. നിശ്ചയം എന്റെ നിസ്കാരവും എന്റെ ആ രാധനകളും എന്റെ ജീവിതവും എന്റെ മരണവുമെല്ലാം ലോക രക്ഷിതാവായ

അല്ലാഹുവിനുള്ളതാവുന്നു. അവന് യാതൊരു പങ്കുകാരനുമില്ല. അതുകൊണ്ട് എന്നോടു കൽപ്പിക്കപ്പെട്ടിരിക്കുന്നു. ഞാൻ മുസ്‌ലിംകളിൽ പെട്ടവനാണ്.

**ഫാത്തിഹ: യും അർത്ഥവും:**

اَعُوذُ بِاللهِ مِنَ الشَّيْطَانِ الرَّجِيمِ*

(1) بِسْمِ اللّهِ الرَّحْمَنِ الرَّحِيمِ
(2) الْحَمْدُ للّهِ رَبِّ الْعَالَمِينَ
(3) الرَّحْمنِ الرَّحِيمِ
(4) مَالِكِ يَوْمِ الدِّينِ
(5) إِيَّاكَ نَعْبُدُ وإِيَّاكَ نَسْتَعِينُ
(6) اهدِنَا الصِّرَاطَ المُستَقِيمَ
(7) صِرَاطَ الَّذِينَ أَنعَمتَ عَلَيهِمْ غَيرِ المَغضُوبِ عَلَيهِمْ وَلاَ الضَّالِّينَ
آمِينْ

**അർത്ഥം:**

ശപിക്കപ്പെട്ട പിശാചിൽനിന്നും ഞാൻഅല്ലാഹുവിൽ അഭയംതേടുന്നു. 1.പരമകാരുണികനും, കാരുണ്യവാനുമായ അല്ലാഹുവിന്റെതിരുനാമത്തിൽ ഞാൻ ആരംഭിക്കുന്നു. 2.അഖില ലോകസംരക്ഷകനായ അല്ലാഹുവിനാകുന്നു സർ വ്വസ്തുതികളും

. 3.അവൻ പരമകാരുണികനും കരുണാനിധിയുമാകുന്നു 4. പ്രതി ഫലംനൽകുന്ന നാളിന്റെ ഉടമസ്ഥനുമാകുന്നു 5. അല്ലാഹുവേ, നിനക്ക്മാത്രം ഞങ്ങൾ ആരാധിക്കുന്നു നിന്നോട് മാത്രം സഹായമഭ്യർത്ഥിക്കുന്നു 6. ഞങ്ങളെ നീ സന്മാർഗ്ഗത്തിലാക്കേണമേ, 7.നീ അനുഗ്രഹിച്ചവരുടെ മാർഗ്ഗമാണിത്. ദുർമാർഗ്ഗികളും നിന്റെ ശാപത്തിനിരയായവരുമല്ലാത്ത സജ്ജനങ്ങളുടെ മാർഗ്ഗത്തിൽ നീ ചേർക്കേണമേ...........

**റുകൂഇൽ ചൊല്ലേണ്ടത് :**

**سُبْحَانَ رَبِّيَ الْعَظِيمْ وَبِحَمْدِهِ**

**അർത്ഥം:മഹാനായ അല്ലാഹുവിനെ സ്തുതിക്കുന്നതോടൊപ്പം അവന്റെ പരിശുദ്ധതയെ വാഴ്ത്തുകയും ചെയ്യുന്നു.**

**റുകൂഇൽ നിന്ന് ഉയരുമ്പോൾ :**

**سَمِعَ اللهُ لِمَنْ حَمِدَهُ**

**അർത്ഥം: അല്ലാഹു തന്നെ സ്തുതിക്കുന്നവരുടെ സ്തുതിയെ കേൾക്കട്ടെ...**

**ഇഅ്തിദാലിൽ:**

**رَبَّنَا لَكَ الْحَمْدُ مِلْءُ السَّمَاوَاتِ وَمِلْءُ الْأَرْضِ وَمِلْءَ مَا شِئْتَ مِنْ شَيْءٍ بَعْدُ.**

**അർത്ഥം: ഞങ്ങളുടെ രക്ഷിതാവേ, ആകാശവും ഭൂമിയും ശേഷം നീ ഉദ്ദേശിച്ചവയും നിറയെയുള്ള എല്ലാ സ്തോത്രങ്ങളും നിനക്കുള്ളതാകുന്നു...**

**സുജൂദിൽ:**

**سُبْحَانَ رَبِّيَ الْأَعْلَى وَبِحَمْدِهِ**

**അർത്ഥം:പരമോന്നതനായ എന്റെ രക്ഷിതാവിനെ സ്തുതിക്കുന്നു. അതോടൊപ്പം അവന്റെ പരിശുദ്ധിയെ വാഴ്ത്തു ന്നു....**

**ഇടയിലെ ഇരുത്തത്തിൽ:**

**رَبِّ اغْفِرْ لِي وَارْحَمْنِي وَاجْبُرْنِي وَارْفَعْنِي وَارْزُقْنِي وَاهْدِنِي وَعَافِنِي**

**അർത്ഥം: എന്റെരക്ഷിതാവേ, എന്റെപാപങ്ങൾ പൊറുക്കേണമേ,എന്നെ അനുഗ്രഹി ക്കുകയും എന്റെ വീഴ്ച്ചകൾ പരിഹരിക്കുകയും എന്നെ ഉന്നത പദവിയിലെത്തിക്കു കയും എനിക്ക് ഭക്ഷണം തരികയും എന്നെ സന്മാർഗ്ഗത്തിലാക്കുകയും എനിക്ക് സുഖം നൽകുകയും ചെയ്യേണമേ.....**

**ആദ്യത്തെ അത്തഹിയ്യാത്ത്:**

اَلتَّحِيَّاتُ اَلْمُبَارَكَاتُ الصَّلَوَاتُ الطَّيِّبَاتُ لِلَّهِ اَلسَّلاَمُ عَلَيْكَ اَيُّهَا النَّبِيُّ وَرَحْمَةُ اللهِ وَبَرَكَاتُهُ اَلسَّلاَمُ عَلَيْنَا وَعَلَى عِبَادِاللهِ الصَّالِحِينَ. اَشْهَدُ اَن لاَاِلَهَ اِلاَّ اللهُ وَاَشْهَدُ اَنَّ مُحَمَّدًرَّسُولُ اللهِ. اَللهُمَّ صَلِّ عَلَى مُحَمَّدٍ.

**അർത്ഥം:** എല്ലാ കാണിക്കകളും എല്ലാ അനുഗ്രഹീത കാര്യങ്ങളും എല്ലാകാഴ്ച്ചകളും എല്ലാ നിസ്കാരങ്ങളും എല്ലാ സൽകർമ്മങ്ങളും അല്ലാഹുവിന്നുള്ളതാകുന്നു. അല്ലാഹുവിന്റെ റസൂലേ, അങ്ങയുടെ മേൽ അല്ലാഹുവിന്റെ രക്ഷയും കാരുണ്യവും അനുഗ്രഹവും ഉണ്ടാകട്ടെ. ഞങ്ങളിലും അല്ലാഹുവിന്റെ എല്ലാ സജ്ജനങ്ങളായ അടിമകളുടെ മേലിലും അല്ലാഹുവിന്റെ രക്ഷയുണ്ടാവട്ടെ, അല്ലാഹു ഒഴികെ ഒരു ആരാധ്യനില്ലെന്നും മുഹമ്മദ് നബി(സ)അല്ലാഹുവിന്റെ റസൂലാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.

**അവസാനത്തെ അത്തഹിയ്യാത്തിന് ശേഷമുള്ള സ്വലാത്ത്:**

اَللهُمَّ صَلِّ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ كَمَا صَلَّيْتَ عَلَى اِبْرَاهِيمَ وَعَلَى آلِ اِبْرَاهِيمَ وَبَارِكْ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ كَمَا بَارَكْتَ عَلَى اِبْرَاهِيمَ وَعَلَى آلِ اِبْرَاهِيمَ فِي الْعَالَمِينَ اِنَّكَ حَمِيدٌ مَّجِيدُ.

**അർത്ഥം:** അല്ലാഹുവേ, ഇബ്രാഹിം നബി(അ)യിലും അവിടുത്തെ കുടുംബങ്ങളിലും നീ ഗുണം ചെയ്തത് പോലെ മുഹമ്മദ് നബി(സ)യിലും അവിടുത്തെ കുടുംബങ്ങളിലും നീ ഗുണം ചെയ്യേണമേ.. ഇബ്രാഹീം നബി(അ)യേയും അവിടുത്തെ കടുംബത്തേയും നീ അനുഗ്രഹിച്ചത് പോലെ മുഹമ്മദ് നബി(സ)യേയും അവിടുത്തെ കുടുംബത്തേയും നീ അനുഗ്രഹിക്കേണമേ.. നിശ്ചയം നീ പരമോന്നതനും സ്തുതിക്കർഹനുമായവനമാകുന്നു...

**അവസാന അത്തഹിയ്യാത്തിൽ സ്വലാത്തിന് ശേഷമുള്ള ദുആ:**

اَللّٰهُمَّ اغْفِرْ لِي مَا قَدَّمْتُ وَمَا اَخَّرْتُ وَمَا اَسْرَرْتُ وَمَا اَعْلَنْتُ وَمَا اَسْرَفْتُ وَمَا اَنْتَ اَعْلَمُ بِهِ مِنِّي اِنَّكَ اَنْتَ الْمُقَدِّمُ وَاَنْتَ الْمُؤَخِّرُ لَااِلَهَ اِلَّا اَنْتَ اَللّٰهُمَّ اِنِّي اَعُوذُ بِكَ مِنْ عَذَابِ الْقَبْرِ وَمِنْ عَذَابِ النَّارِ وَمِنْ فِتْنَةِ الْمَحْيَا وَالْمَمَاتِ وَمِنْ فِتْنَةِ الْمَسِيحِ الدَّجَّالِ.

**അര്‍ത്ഥം:** അല്ലാഹുവേ, ഞാന്‍ മുമ്പു ചെയ്തതും പിറകെ ചെയ്യുന്നതും രഹസ്യമായും പരസ്യമായും ചെയ്തതും അതിരുകവിഞ്ഞ് ചെയ്തതും എന്നിലും കൂടുതല്‍ അറിയുന്നവനാണ് നീ അവയെല്ലാം എനിക്ക് പൊറുത്ത് തരേണമേ.. നിശ്ചയം നീ എല്ലാ കാര്യങ്ങളും അതിന്റെ ക്രമപ്രകാരം മുന്തിക്കുകയും പിന്തിക്കുകയും ചെയ്യുന്നവനാണ്. നീയൊഴികെ ആരാധനക്കര്‍ഹന്‍ മറ്റാരുമില്ല. അല്ലാഹുവേ, ഖബ്റിലെ ശിക്ഷകളില്‍ നിന്നും അതിലെ ആപത്തുകളില്‍ നിന്നും നരകശിക്ഷയില്‍ നിന്നും ജീവിതകാലത്തും മരണസമയത്തുമുള്ള വിപത്തുകളില്‍ നിന്നും ശപിക്കപ്പെട്ട ദജ്ജാലിന്റെ ഫിത്നകളില്‍ നിന്നും നിന്നോട് ഞാന്‍ സംരക്ഷണം തേടുന്നു.

**സലാം വീട്ടല്‍:**

اَلسَّلَامُ عَلَيْكُمْ وَرَحْمَةُ اللهِ

**അര്‍ത്ഥം:** നിങ്ങളുടെ മേല്‍ അല്ലാഹുവിന്റെ രക്ഷയും ഗുണവും ഉണ്ടാവട്ടെ..

**ഖുനൂത്ത്:**

اَللّٰهُمَّ اهْدِنِي فِيمَنْ هَدَيْتَ. وَعَافِنِي فِيمَنْ عَافَيْتَ. وَتَوَلَّنِي فِيمَنْ تَوَلَّيْتَ. وَبَارِكْ لِي فِيمَا اَعْطَيْتَ. وَقِنِي شَرَّ مَا قَضَيْتَ. فَاِنَّكَ تَقْضِي وَلَا يُقْضَى عَلَيْكَ وَاِنَّهُ لَا يَذِلّ مَنْ وَالَيْتَ. وَلَا يَعِزُّ مَنْ عَادَيْتَ. تَبَارَكْتَ رَبَّنَا وَتَعَالَيْتَ. فَلَكَ الْحَمْدُ عَلَى مَاقَضَيْتَ. اَسْتَغْفِرُكَ وَاَتُوبُ اِلَيْكَ. وَصَلَّى اللهُ عَلَى سَيِّدِنَا مُحَمَّدٍ النَّبِيِّ الْاُمِّيِّ وَعَلَى آلِهِ وَصَحْبِهِ وَسَلَّمَ.

**അര്‍ത്ഥം:** രക്ഷിതാവേ, നീ സന്മാര്‍ഗ്ഗത്തിലാക്കിയവരോടു കൂടെ എന്നെയും സന്മാര്‍ഗ്ഗത്തിലാക്കേണമേ. നീ സുഖം നല്‍കിയവരോടൊപ്പം എനിക്കും സുഖം നല്‍കേണ

മേ. നീ രക്ഷാകർതൃത്വം ഏറ്റെടുത്തവരുടെ കൂടെ എന്റെ രക്ഷാകർ തൃത്വം ഏറ്റെടുക്കേണമേ. എനിക്ക് നൽകിയതിൽ അനുഗ്രഹം വർഷിപ്പിക്കേണമേ. നീയെനിക്ക് വിധിച്ച തിന്മയെത്തൊട്ട് കാക്കേണമേ. നിശ്ചയം നീ വിധികർത്താവാണ്. നിന്നിൽ വിധിക്കാൻ ആരുമില്ല. നീ മാന്യത നൽകിയവൻ നിന്ദ്യനാവുകയില്ല.നീ താഴ്ത്തിയവർ ഉന്നതനാവുകയില്ല. ഞങ്ങളുടെ രക്ഷിതാവേ, നീ ഖൈറും ബർക്കത്തുമേറിയ ഉന്നതനാണ്. നീ വിധിച്ചതിന്റെ മേൽ സകല സ്തുതിയും നിനക്കുതന്നെ. നിന്നോട് ഞാൻ മാപ്പിനപേക്ഷിക്കുന്നു.നിന്നിലേക്ക് ഖേദിച്ച് മടങ്ങുന്നു. എഴുത്തും വായനയും പഠിക്കാത്ത ജ്ഞാനിയായ മുഹമ്മദ് മുസ്തഫാ(സ)യുടെയും കുടുംബത്തിന്റെയും അനുയായികളുടെയും മേൽ അല്ലാഹു ഗുണവും രക്ഷയും ചെയ്യട്ടെ

**സലാം വീട്ടിയതിനു ശേഷമുള്ള ദിക്റുകൾ:**

اَسْتَغْفِرُ اللهَ الْعَظِيمُ. اَلْقَدِيمُ. اَلْكَرِيمُ.اَلرَّحِيمُ. اَلَّذِي لااِلَهَ اِلاَّ هُوَالْحَيُّ الْقَيُّومُ. مِنْ كُلِّ ذَنْبٍ وَخَطِيئَةٍ وَاَتُوبُ اِلَيْهِ وَاَسْئَلُهُ التَّوْبَةَ. اَللّهُمَّ اَنْتَ السَّلامْ وَمِنْكَ السَّلامْ وَاِلَيْكَ يَرْجِعُ السَّلامْ. حَيِّنَا رَبَّنَا بِالسَّلام. وَاَدْخِلْنَا دَارَالسَّلامْ. تَبَارَكْتَ رَبَّنَا وَتَعَالَيْتَ يَاذَالْجَلالِ وَالْاِكْرَامْ. اَللَّهُمَّ لاَ مَانِعَ لِمَا اَعْطَيْتَ وَلاَ مُعْطِيَ لِمَا مَنَعْتَ وَلاَرَادَّ لِمَا قَضَيْتَ وَلاَمُبَدِّلَ لِمَا حَكَمْتَ وَلاَيَنْفَعُ ذَاالْجَدِّ مِنْكَ الْجَدُّ. اَللّهُمَّ اَعِنِّي عَلَى ذِكْرِكَ وَشُكْرِكَ وَحُسْنِ عِبَادَتِكَ اَللّهُمَّ اِنِّي اَعُوذُ بِكَ مِنَ الْجُبْنِ وَاَعُوذُ بِكَ مِنَ الْبُخْلِ وَاَعُوذُ بِكَ مِنْ اَرْذَلِ الْعُمُرِ وَاَعُوذُ بِكَ مِنْ فِتْنَةِ الدُّنْيَا وَعَذَابِ الْقَبْرِ*

لاَاِلَهَ اِلاَّاللهُ وَحْدَهُ لاَشَرِيكَ لَهُ الْمُلْكُ وَلَهُ الْحَمْدُ يُحْيِي وَيُمِيتُ وَهُوَ عَلَى كُلِّ شَيْئٍ قَدِيرُ. لاَحَوْلَ وَلاَ قُوَّةَ اِلاَّ بِاللهِ وَلاَ نَعْبُدُ اِلاَّ اِيَّاهُ لَهُ النِّعْمَةُ وَلَهُ الْفَضْلُ وَلَهُ الثَّنَاءُ الْحَسَنُ لاَاِلَهَ اِلاَّاللهُ مُخْلِصِينَ لَهُ الدِّينْ. وَلَوْ كَرِهَ الْكَافِرُونَ.

സുബ്ഹി, മഗ്രിബ് എന്നീ നിസ്കാരങ്ങൾക്ക് ശേഷം താഴെ പറയുന്ന ഒന്നാമത്തെ ദിക്റ് പത്ത് തവണയും രണ്ടാം ദിക്റ് ഏഴ് തവണയും ചൊല്ലുക:

(1) لاَاِلَهَ اِلاَّاللهُ وَحْدَهُ لآشَرِيكَ لَهُ الْمُلْكُ وَلَهُ الْحَمْدُ يُحْيِي وَيُمِيتُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ.

(2) اَللَّهُمَّ اَجِرْنِي مِنَ النَّارِ

ശേഷം ആയത്തുൽ കർസിയ്യ് ഓതുക:

اللّهُ لاَ إِلَهَ إِلاَّ هُوَ الْحَيُّ الْقَيُّومُ لاَ تَأْخُذُهُ سِنَةٌ وَلاَ نَوْمٌ لَّهُ مَا فِي السَّمَاوَاتِ وَمَا فِي الأَرْضِ مَن ذَا الَّذِي يَشْفَعُ عِنْدَهُ إِلاَّ بِإِذْنِهِ يَعْلَمُ مَا بَيْنَ أَيْدِيهِمْ وَمَا خَلْفَهُمْ وَلاَ يُحِيطُونَ بِشَيْءٍ مِّنْ عِلْمِهِ إِلاَّ بِمَا شَاء وَسِعَ كُرْسِيُّهُ السَّمَاوَاتِ وَالأَرْضَ وَلاَ يَؤُودُهُ حِفْظُهُمَا وَهُوَ الْعَلِيُّ الْعَظِيمُ

ശേഷം ഇവ 33 തവണ വീതം ചൊല്ലുക

سُبْحَانَ الله (സുബ്ഹാനല്ലാഹ്) - 33

അർത്ഥം: അല്ലാഹുവിന്റെ പരിശുദ്ധിയെ ഞാൻ സമ്മതിക്കുന്നു

اَلْحَمْدُ لِله (അൽ ഹംദുലില്ലാഹ്) 33

അർത്ഥം: സർവ്വ സ്തുതിയും അല്ലാഹുവിനാകുന്നു

اَللهُ اَكْبَر (അല്ലാഹു അക്ബർ) 33

അർത്ഥം:അല്ലാഹു ഏറ്റവും മഹാനാകുന്നു

ശേഷം ഒരു തവണ ഇത് ചൊല്ലുക:

لاَاِلَهَ اِلاَّاللهُ وَحْدَهُ لآشَرِيكَ لَهُ الْمُلْكُ وَلَهُ الْحَمْدُ يُحْيِي وَيُمِيتُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ.

**അർത്ഥം:** അല്ലാഹു ഒഴികെ ഒരുആരാധ്യനുമില്ല. അവൻ ഏകനാണ്. അവനു കൂട്ടുകാരില്ല. എല്ലാഅധികാരങ്ങളും സ്തുതികളും അവനുതന്നെ. അവൻ ജീവിപ്പിക്കുന്നവനും മരിപ്പിക്കുന്നുവനുമാണ്. അവൻ എല്ലാവസ്തുക്കളിലും സർവ്വശക്തനാണ്.

**പിന്നീട് പത്ത് പ്രാവശ്യം "ലാഇലാഹ ഇല്ലല്ലാഹ്" ചൊല്ലി ദുആ ചെയ്യുക.**

لَااِلَهَ اِلَّااللهُ (10)

**നിസ്കാര ശേഷമുള്ള ദുആകൾ ലഭിക്കുവാൻ ഇവിടെ ക്ലിക്ക് ചെയ്യുക.**

**തയ്യാറാക്കിയത് : മുഹമ്മദ് കുഞ്ഞി കൊളവയൽ**

നാഥാ, ഈ ചെറിയ ഒരു പ്രവർത്തനം നീ സ്വീകരിക്കേണമേ, ഇതിൽ വല്ല തെറ്റുകളോ പോരായ്മകളോ വന്നുപോയിട്ടുണ്ടെങ്കിൽ ഞങ്ങൾക്കത് നീ പൊറുത്ത് തരേണമേ, ഞങ്ങൾക്കും ഞങ്ങളുടെ മാതാപിതാക്കൾക്കും പ്രത്യേകിച്ച് ഇത് തയ്യാറാക്കിയ സുഹൃത്തിനും ഞങ്ങളുമായി ബന്ധപ്പെട്ടവർക്കും നിന്റെ കാരുണ്യം നൽകേണമേ, ആമീൻ.


**ഇസ്ലാമിക വിശ്വാസ അനുഷ്ഠാന പഠന പ്രചരണ രംഗത്ത് സുന്നികേരളത്തിന്റെ ആദ്യത്തെ വെബ്സൈറ്റ്**

# www.islamkerala.com



E-mail : abdulla_cherumba@yahoo.com

Mobile : 00971 50 7927429